**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 791** **06-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ ജപ്തി തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകൾ ജപ്തി നടപടികൾ സ്വീകരിക്കുന്നത് മുൻ കാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കേരള ബാങ്ക് ഒഴികെയുള്ള സഹകരണ സ്ഥാപനങ്ങളിൽ കേരള സഹകരണ നിയമ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുള്ള റിക്കവറി നടപടിക്രമമാണ് അവലംബിയ്ക്കുന്നത്. എന്നാൽ കേരള ബാങ്കിൽ കേരള സഹകരണ നിയമ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും, സർഫാസി നടപടിക്രമങ്ങളനുസരിച്ചുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുമുള്ള റിക്കവറി നടപടിക്രമങ്ങളും മുൻകാലങ്ങളിൽ നടത്തിയിരുന്നതു പോലെ മാത്രമാണ് ഇപ്പോഴും നടത്തി വരുന്നത്. |
| (ബി) | ജപ്തി നടപടികൾ സ്വീകരിക്കരുതെന്ന് കേരള ബാങ്കിനും സഹകരണ സംഘങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ബി) | ജപ്തി നടപടികൾ സ്വീകരിക്കരുതെന്ന് കേരള ബാങ്കിനും, സഹകരണ സംഘങ്ങൾക്കും വകുപ്പ് പ്രത്യേക നിർദ്ദേശം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ